തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

കോവിഡ്-19

# വിലക്ക് ലംഘനം: 186 പേർക്കെതിരെ നിയമ നടപടി 32,800/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നഗരത്തിൽ ഇന്നലെ (20-10-2020) പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 186 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

## കോവിഡ്-19 സുരക്ഷ- കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ ഇന്നലെ (20-10-2020) പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 186 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 12 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 144 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 20 പേരിൽ നിന്നുമായി 32,800/- രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 3 വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 7 കടകൾക്കുമെതിരെ ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി
20-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

20/10/2020.

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി

OFFICE OF THE COMMISSIONER OF POLICE
Government of Kerala
THIRUVANANTHAPURAM CITY